# മങ്കര ഗ്രാമപഞ്ചായത്ത് കാര്യാലയം

**മങ്കര (പി.ഒ), പാലക്കാട് ജില്ല പിൻ - 678613,**

**Email : - ddpmankarapkd@gmail.com, ഫോൺ :0491 – 2872320**

നമ്പർ : ജെ.സി.5-5063/2023 തീയതി : 07/07/2023

പ്രേഷിത

സെക്രട്ടറി
മങ്കര ഗ്രാമപഞ്ചായത്ത്

സ്വീകർത്താവ്

സിറ്റിസൺ അസിസ്റ്റന്റ് സമിതി
തദ്ദേശ സ്വയംഭരണ വകുപ്പ്

സർ,

വിഷയം : ജില്ലാ അദാലത്തിൽ ടോളറൻസ് ലഭിച്ച് ക്രമവൽക്കരിച്ച കെട്ടിടത്തിന് മുകളിലെ നിർമ്മാണ ക്രമവൽക്കരണം അനുമതി സംബന്ധിച്ച്.

സൂചന : 1) 31.12.2018 തീയതിയിലെ ശ്രീ.സി.എം. ജാഫർ അലി & ശ്രീമതി. റുക്കിയ മോൾ എന്നവരുടെ അപേക്ഷ.
2) 19.02.2021 ലെ 1186/21 നമ്പർ അപേക്ഷ.
3) 18.11/2022 ലെ 5063/22 നമ്പർ അപേക്ഷ.
4) 29.07.2019 ലെ ജില്ലാ അദാലത്ത് തീരുമാനം.
5) 2022 ലെ ജില്ലാ അദാലത്ത് തീരുമാനം.

മേൽ സൂചന (1) പ്രകാരം ശ്രീ.സി.എം. ജാഫർ അലി & ശ്രീമതി. റുക്കിയ മോൾ എന്നവർ വാണിജ്യ കെട്ടിടം സ്റ്റെയർകേസ് ഒഴികെ 9.5 മീറ്റർ ഉയരം വരുന്നതും കെ.പി.ബി.ആർ. 2011 റൂൾ 28 ന് വിരുദ്ധമായി നിർമ്മാണത്തിനുള്ള അനുമതിക്ക് അപേക്ഷ തന്നതിൽ ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകനെ അറിയച്ചതും സൂചന (4) അദാലത്തിൽ അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള ഉത്തരവിൽ റൂൾ 6(4) മറ്റു നിബന്ധനകൾ പാലിക്കുന്ന പക്ഷം ക്രമവൽക്കരണത്തിന് അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പിന്നീട് മേൽ സൂചന (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയത് സൂചന (5) ലെ അദാലത്തിൽ ഒന്നാം നിലയുടെ ക്രമവൽക്കരണത്തിന് 20 % ടോളറൻസ് നൽകി ക്രമവൽക്കരിക്കുന്നതിന് നിർദ്ദേശം ലഭിച്ചതും ആയത് പ്രകാരം ക്രമവൽക്കരിച്ച് നമ്പർ നൽകിയതുമാണ്.

സൂചന (3) പ്രകാരം ടിയാൻ രണ്ടാം നിലയുടെ നിർമ്മാണ പെർമിറ്റിന് അപേക്ഷ നൽകിയിരിക്കുന്നു. ടി കെട്ടിടം പരിശോധിച്ചതിൽ ഒന്നാം നിലയുടെ ക്രമവൽക്കരണ ഉത്തരവ് ലഭിക്കുമ്പോൾ തന്നെ രണ്ടാം നിലയുടെ RCC Slab പ്രവർത്തിയും കഴിഞ്ഞിട്ടുണ്ടെന്ന് അറിയാൻ കഴിയുന്നു. റൂൾ 3(1) ഡി. പ്രകാരം സൈറ്റും നിലവിലുള്ള കെട്ടിടവും അംഗീകൃതമാണെങ്കിൽ മാത്രമേ പുതിയ കെട്ടിയമോ അല്ലെങ്കിൽ കൂട്ടിചേർക്കലോ, വിപുലീകരണമോ അനുവദിക്കുകയുള്ളു എന്ന് പറയുന്നു. ആയത് കൊണ്ട് ഒന്നാം നിലയുടെ ക്രമവൽക്കരണ ഉത്തരവ് ഒന്നാം നിലയ്ക്ക് ലഭിച്ച അവസ്ഥയിൽ രണ്ടാം നില ക്രമവൽക്കരിക്കാൻ കഴിയുമോ എന്ന് നിർദ്ദേശം ലഭിക്കുന്നതിനായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
മങ്കര ഗ്രാമപഞ്ചായത്ത്

Secretary
Mankara Grama Panchayath